വൈദ്യുതി മുടങ്ങും

തൃശൂർ: നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ സെക്ഷൻ -മൂന്ന് പരിധിയിൽ മരംമുറി നടക്കുന്നതിനാൽ വഞ്ചിക്കളം ഫീഡറിന്റെ പരിധിയിൽ ഹോമിയോ ആശുപത്രി, അടിയാട്ടിൽ ലൈൻ, ഹിന്ദുസ്ഥാൻ ഹൗണ്ടറി, അച്ചൻകുളങ്ങര അമ്പലം പരിസരം എന്നിവിടങ്ങളിൽ ബുധനാഴ്ച രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ വൈദ്യുതി വിതരണം തടസപ്പെടും.

എൻഡോസ്കോപ്പി ശിൽപ്പശാല

തൃശൂർ: അമല ഗാസ്ട്രോ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മാഗ്നിഫിക്കേഷൻ എൻഡോസ്കോപ്പി, തേർഡ് സ്പേസ് എൻഡോസ്കോപ്പി എന്നീ നൂതന എൻഡോസ്കോപ്പി സാങ്കേതികവിദ്യകളെ ആസ്പദമാക്കിയുള്ള ദ്വിദിന അഡ്വാൻസ്ഡ് എൻഡോസ്കോപ്പി ശിൽപ്പശാലയുടെ ഉദ്ഘാടനം അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ നിർവഹിച്ചു. ജോ. ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ, ഗ്യാസ്ട്രോ വിഭാഗം മേധാവി ഡോ. സോജൻ ജോർജ് എന്നിവർ പങ്കെടുത്തു. ഡോ. അനൂപ് ജോൺ, ഡോ. ജെഫി ജോർജ്, ഡോ. മഹേഷ് മേനോൻ എന്നിവർ വിവിധ വിഷയങ്ങളിൽ വിദഗ്ധ ക്ലാസുകൾ നയിച്ചു.

വാഹനാപകടത്തിൽ പരുക്ക്

കുന്നംകുളം: കേച്ചേരി പാലത്തിന് സമീപം കാറും ബൈക്കും കൂട്ടിയിടിച്ച് ഒരാൾക്ക് പരുക്കേറ്റു. ബൈക്ക് യാത്രക്കാരൻ കുന്നംകുളം കാണിപ്പയ്യൂർ സ്വദേശി കാണിപ്പയ്യൂർ വീട്ടിൽ തങ്കപ്പെന്റെ മകൻ വിനീഷിന് (46) ആണ് പരുക്കേറ്റത്. കേച്ചേരി ആക്റ്റ്സ് പ്രവർത്തകർ ഇയാളെ കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കുന്നംകുളം: തലക്കോട്ടുകര വിദ്യാ കോളെജ് വഴിയ്ക്ക് സമീപം നിയന്ത്രണം വിട്ട ബൈക്കിന് പിറകിൽ നിന്ന് തെറിച്ചു വീണ് വീട്ടമ്മയ്ക്ക് പരുക്കേറ്റു. തണ്ടിലം സ്വദേശി പൊടിയട വീട്ടിൽ രാജൻറെ ഭാര്യ ശൈലജക്ക് (55) ആണ് പരുക്കേറ്റത്. കേച്ചേരി ആക്റ്റ്സ് പ്രവർത്തകർ ഇവരെ തൃശൂർ ജില്ലാ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സെമിനാർ സംഘടിപ്പിച്ചു

തൃശൂർ: കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് എം ഇഎസ് അസ്മാബി കോളെജ് മലയാള വിഭാഗവും ഫോക്ലോർ ക്ലബും കേരള ഫോക്ലോർ അക്കാഡമിയുടെ സഹകരണത്തോടെ സെമിനാറും അനുഷ്ഠാന കലാവതരണവും സംഘടിപ്പിച്ചു.

ഫോക്ലോർ ഗവേഷകനും കോഴിക്കോട് സർവകലാശാല ഫോക്ലോർ വിഭാഗം മുൻ മേധാവിയുമായ ഡോ. ഇ.കെ. ഗോവിന്ദവർമ്മ രാജ ഉദ്ഘാടനം ചെയ്തു. കോളെജ് പ്രിൻസിപ്പൽ ഡോ. സമീന കളത്തൊടി അധ്യക്ഷത വഹിച്ചു. വി.എം. ഷൈൻ മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് പ്രിൻസിപ്പൽ മലയാള ഭാഷാ ദിന പ്രതിജ്ഞ ചൊല്ലി കൊടുത്തു. ഡോ. സനന്ദ് സദാനന്ദ്, ഡോ. ജെയ്സി ഡേവിഡ്, ഡോ. കെ.പി. സുമേധൻ, എം.ബി. ബിന്ദിൽ, ബി. മാധവ്, ഡോ. കെ കേശവൻ എന്നിവർ പങ്കെടുത്തു. തുടർന്ന് കീഴില്ലം ഉണ്ണികൃഷ്ണനും സംഘവും മുടിയേറ്റ് അവതരിപ്പിച്ചു.

സ്വാഗത സംഘം ഓഫിസ് ഉദ്ഘാടനം

കുന്നംകുളം: ഡിസംബർ 30, 31 തിയതികളിൽ രാജീവ് ഗാന്ധി ടൗൺഹാളിൽ നടത്തുന്ന കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ (കെഎസ്എസ്പിഎ) 42 -ാം ജില്ലാ സമ്മേളനത്തിന്റെ സ്വാഗത സംഘം ഓഫിസ് ഉദ്ഘാടനം കെപിസിസി മെമ്പറും കെഎസ്എസ്പിഎ നിയോജക മണ്ഡലം മെമ്പറുമായ ജോസഫ് ചാലിശേരി നിർവഹിച്ചു.സംഘാടക സമിതി ചെയർമാൻ അജയ് മോഹൻ അധ്യക്ഷനായി. എ.എ. അബ്ദുൾ മജീദ്, എം. ഹരിദാസൻ, എം.എസ്. സിറാജ്, പി.പി. യേശുദാസ്, മേഴ്സി തുടങ്ങിയവർ പങ്കെടുത്തു.

മാസ് ക്ലീനിങ്

കുന്നംകുളം : സെന്റ് ഗ്രിഗോറിയോസ് പള്ളി പെരുന്നാളിന്റെ സമാപനത്തിന് പിന്നാലെ നഗരത്തിൽ വ്യാപക ശുചീകരണവുമായി നഗരസഭ. ജനത്തിരക്കേറിയ ആഘോഷങ്ങൾക്ക് ശേഷം നഗരത്തിലടിയുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി സംഘടിപ്പിച്ച മാസ് ക്ലീനിങ് യജ്ഞം നഗരസഭാ ചെയർപേഴ്സൺ സൗമ്യ അനിലൻ ഉദ്ഘാടനം ചെയ്തു. സ്ഥിരം സമിതി അധ്യക്ഷരായ മിനി മോൻസി, മിഷ സെബാസ്റ്റ്യൻ, ആർഷ ജിജു, കൗൺസിലർമാരായ ശ്രീജിത്ത് ആവേൻ, അനൂപ്, സോണിഷാജി, നഗരസഭാ സെക്രട്ടറി കെ. കെ. മനോജ്, സെന്റ് ഗ്രിഗോറിയോസ് പള്ളി സെക്രട്ടറി സി.കെ. ബാബു, രേഷ്മ, അഖില, അഞ്ജിമ, അഞ്ജന എന്നിവർ പങ്കെടുത്തു. ഹരിത കർമ സേനാംഗങ്ങളും തൊഴിലുറപ്പ് തൊഴിലാളികളും ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മുരിയാട് പഞ്ചായത്ത് ഭരണസമിതി നെൽക്കൃഷിയിലേക്ക്

ഇരിങ്ങാലക്കുട: മുരിയാട് പഞ്ചായത്ത് ഭരണസമിതി സാമൂഹിക പ്രതിബദ്ധതയോടെ നെൽകൃഷി ചെയ്ത് മാതൃകയാകുന്നു. 'ഒരുമയുടെ നെൽപ്പാടം' പദ്ധതിയുടെ ഭാഗമായി ആനന്ദപുരം ചേപ്പാടം പാടശേഖരത്തിലാണ് കൃഷി ഭവന്റെ സഹകരണത്തോടെ ഭരണസമിതി നെൽകൃഷി ചെയ്യുന്നത്.

പാടത്ത് വിത്ത് വിതച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ശങ്കരനാരായണൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ് ജെ. ചിറ്റിലപ്പിള്ളി മുഖ്യാതിഥിയായി. മുരിയാട് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ എ.എം. ജോൺസന്റെ നേതൃത്വത്തിലാണ് കൃഷി ചെയ്യുന്നത്.



ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ശങ്കരനാരായണൻ പാടത്ത് വിത്ത് വിതച്ച് നെൽകൃഷി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു

രാജ്യത്ത് കലാപം സൃഷ്ടിക്കാൻ ശ്രമം: ബിജെപി

ജനാധിപത്യ സംരക്ഷണ പദയാത്ര അഞ്ചിന് തൃശൂരിൽ

തൃശൂർ: എസ്ഐആറിന്റെ പേരിൽ രാജ്യത്ത് അരാജകത്വവും കലാപവും സൃഷ്ടിച്ച് ഭരണഘടനാ സ്ഥാപനങ്ങളെ തകർക്കാനാണ് ഇൻഡ്യ മുന്നണി ശ്രമിക്കുന്നതെന്ന് ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. കെ.കെ. അനീഷ് കുമാർ. മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനെതിരേ ജനാധിപത്യ വിശ്വാസികളെ അണിനിരത്തി ബിജെപി രാജ്യത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വൻ റാലികൾ സംഘടിപ്പിക്കും.

വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണത്തിന് തുടക്കം കുറിക്കുന്ന പരിപാടിയായാണ് ബിജെപി ജനാധിപത്യ സംരക്ഷണ പദയാത്രയെ കാണുന്നതെന്ന് അനീഷ് കുമാർ പറഞ്ഞു. തൃശൂരിൽ നടക്കുന്ന പദയാത്രയിൽ 25,000 പേരെ പങ്കെടുപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. എസ്ഐആറിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ് രാഹുൽ ഗാന്ധിയും കോൺഗ്രസും ശ്രമിക്കുന്നത്.

ജനാധിപത്യ മാർഗത്തിലൂടെ അധികാരത്തിലെത്താൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞ കോൺഗ്രസ് രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ്. ഭരണഘടനാ സ്ഥാപനങ്ങളെ രാഷ്ട്രീയ താത്പര്യങ്ങൾക്കായി അപകീർത്തിപ്പെടുത്തുന്നത് ജനാധിപത്യത്തിന് ഭീഷണിയാണെന്നും അനീഷ് കുമാർ വിമർശിച്ചു.

എസ്ഐആറിന്റെ പേരിൽ ജനങ്ങളെ തെരുവിലിറക്കി സംഘർഷാവസ്ഥ സൃഷ്ടിക്കാനുള്ള കോൺഗ്രസിന്റെയും ഇടതുപക്ഷത്തിന്റെയും നീക്കങ്ങൾക്കെതിരേ ബിജെപി ശക്തമായ രാഷ്ട്രീയ പ്രചാരണവുമായി മുന്നോട്ടുപോകും. ജനാധിപത്യത്തെ സംരക്ഷിക്കാനും ഭരണഘടനാ സ്ഥാപനങ്ങളുടെ വിശ്വാസ്യത നിലനിർത്താനും ജനങ്ങളെ അണിനിരത്തുകയാണ് ബിജെപിയുടെ ലക്ഷ്യം. അഞ്ചിന് തൃശൂരിൽ നടക്കുന്ന പദയാത്ര വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണത്തിന് തുടക്കം കുറിക്കുന്ന പരിപാടിയായാണ് ബിജെപി കാണുന്നതെന്നും അനീഷ് കുമാർ പറഞ്ഞു.

പദയാത്ര അഞ്ചിന് വൈകിട്ട് മൂന്ന് മണിക്ക് വടക്കേ സ്റ്റാൻഡിൽ നിന്ന് ആരംഭിച്ച് ശക്തൻ തമ്പുരാൻ നഗറിൽ സമാപിക്കും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനം കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ദേശീയ, സംസ്ഥാന, ജില്ലാ നേതാക്കൾ പങ്കെടുക്കും.

ഫിലിം ക്രിട്ടിക്സ് രചനാവിഭാഗം അവാർഡ്

എടപ്പാൾ: ഡോ. ഷീബ എം. കുര്യൻ രചിച്ച കാണുന്നുണ്ടോ? ഭിന്നശേഷിയും സിനിമയും ഗ്രന്ഥത്തിന് 2025ലെ മികച്ച ചലച്ചിത്ര ഗ്രന്ഥത്തിനുള്ള കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ മണ്ണാറക്കയം ബേബി പുരസ്കാരം. ഡോ. വി. മോഹനകൃഷ്ണന്റെ ഉത്തരായണത്തിന്റെ രാഷ്ട്രീയ പിന്തുടർച്ചകൾ മികച്ച ലേഖനത്തിനുമുള്ള അവാർഡ് നേടി. ഡോ. നൗഫൽ മറിയം ബ്ലാത്തൂരിന്റെ ചലച്ചിത്ര ഭാഷ രൂപവും സങ്കൽപ്പനവും ഗ്രന്ഥത്തിന് സ്പെഷ്യൽ ജൂറി പുരസ്കാരവുമുണ്ട്. മികച്ച ഗ്രന്ഥത്തിന് 5000 രൂപയും ലേഖനത്തിന് 3000 രൂപയും ശിൽപ്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് അവാർഡുകൾ. 1000 രൂപയും ഫലകവും പ്രശസ്തിപത്രവും പ്രത്യേക ജൂറി പുരസ്കാരത്തിനു ലഭിക്കും.

ഡോ. ജോർജ് ഓണക്കൂർ, തേക്കിൻകാട് ജോസഫ്, ഡോ. ജോസ് കെ. മാനുവൽ, എ. ചന്ദ്രശേഖർ എന്നിവരടങ്ങിയ ജൂറിയാണ് മികച്ച ഗ്രന്ഥം തെരഞ്ഞെടുത്തത്. ഡോ. ജോർജ് ഓണക്കൂർ, തേക്കിൻകാട് ജോസഫ്, ഡോ. അരവിന്ദൻ വല്ലച്ചിറ, എ. ചന്ദ്രശേഖർ എന്നിവരടങ്ങുന്ന സമിതിയാണ് മികച്ച ലേഖനം തെരഞ്ഞെടുത്തത്.

ആംഗൻവാടി പ്രവേശനോത്സവം

ഇരിങ്ങാലക്കുട: മുരിയാട് പഞ്ചായത്ത് ആനന്ദപുരം 82-ാം നമ്പർ സുരഭി ആംഗൻവാടിയിൽ ബ്ലോക്ക് പഞ്ചായത്ത് രണ്ടാം ഘട്ട ആംഗൻവാടി പ്രവേശനോത്സവം സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അധ്യക്ഷത വഹിച്ചു. എ.എം. ജോൺസൺ ഉപഹാരങ്ങൾ നൽകി നവാഗതരായ കുട്ടികളെ സ്വീകരിച്ചു.

ഐടിയു ബാങ്ക് വൻ ക്രമക്കേടുകൾ കണ്ടെത്തി ഫോറൻസിക് ഓഡിറ്റ് റിപ്പോർട്ട്

മുൻ ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കും കാരണം കാണിക്കൽ നോട്ടീസ്

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട ടൗൺ (ഐടിയു) ബാങ്കിൽ വൻ സാമ്പത്തിക ക്രമക്കേട് നടന്നതായും കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായതായും ഫോറൻസിക് ഓഡിറ്റ് റിപ്പോർട്ട്.

ഫ്രോഡ് ഐഡന്റിഫിക്കേഷൻ കമ്മിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടിലാണ് കടുത്ത പരാമർശങ്ങൾ ഉള്ളത്. റിപ്പോർട്ടിനെ തുടർന്ന് പരിശോധന പൂർത്തിയാക്കിയ ഫയലുകളുടെ കാലഘട്ടത്തിലെ ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കും വിശദീകരണ നോട്ടീസ് നൽകി.

ഗുരുതരമായ പ്രവർത്തന വീഴ്ചകൾ, ആന്തരിക നിയന്ത്രണ സംവിധാനങ്ങളുടെ പരാജയം, മേൽനോട്ടത്തിൽ ഉണ്ടായ വീഴ്ച തുടങ്ങിയവ കണ്ടെത്തിയാണ് നോട്ടീസ് നൽകിയിരിക്കുന്നത്.

നോട്ടീസിൽ ബാങ്കിന്റെ ജാഗ്രതക്കുറവും വീഴ്ചയും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഗുരുതര അനാസ്ഥ, വായ്പ അനുവദിക്കുന്നതിന് മുൻപുള്ള വിലയിരുത്തലുകളിലെ ന്യൂനതകൾ, വായ്പ അനുവദിച്ചതിനുശേഷമുള്ള നിരീക്ഷണത്തിലെ വീഴ്ച, വായ്പത്തുകയുടെ അന്തിമ ഉപയോഗം പരിശോധിക്കുന്നതിലെ പരാജയം, വായ്പ അക്കൗണ്ടുകളിൽ ക്രമക്കേടുകൾക്ക് വഴിയൊരുക്കൽ എന്നിവ പരിശോധിച്ചാണ് വിശദീകരണം തേടിയിരിക്കുന്നത്.

21 ദിവസത്തിനകം രേഖാമൂലമുള്ള വിശദീകരണവും അതിനെ സാധൂകരിക്കുന്ന തെളിവുകളും അടക്കം മറുപടി നൽകണമെന്നാണ് നിർദ്ദേശം. അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുമെന്നും നോട്ടീസിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

9.3 കിലോ ഭാരമുള്ള വൃക്കകൾ നീക്കം ചെയ്തു

കണ്ണൂർ സ്വദേശിക്ക് കോഴിക്കോട് ആസ്റ്റർ മിംസിൽ പുതുജീവൻ

കോഴിക്കോട്: അപൂർവവും അതിസങ്കീർണവുമായ ശസ്ത്രക്രിയയിലൂടെ കണ്ണൂർ സ്വദേശിയായ 61കാരന്റെ 9.3 കിലോ ഭാരമുള്ള ഇരു വൃക്കകളും കോഴിക്കോട് ആസ്റ്റർ മിംസിലെ ഡോക്ടർമാർ വിജയകരമായി നീക്കം ചെയ്തു. ജനിതക രോഗമായ ഓട്ടോസോമൽ ഡോമിനന്റ് പോളിസിസ്റ്റിക് കിഡ്നി ഡിസീസ് മൂലം അസാധാരണമാംവിധം വലുതായി തീർന്ന വൃക്കകളാണ് ബൈലാറ്ററൽ ഓപ്പൺ നെഫ്രക്റ്റമി എന്ന സങ്കീർണ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തത്.

യൂറോളജി, നെഫ്രോളജി, അനസ്തേഷ്യ എന്നീ വിഭാഗങ്ങളുടെ കൃത്യമായ ഏകോപനമാണ് ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ചത്. കഠിനമായ വയറുവേദനയെയും മറ്റ് ആരോഗ്യപ്രശ്നങ്ങളെയും തുടർന്ന് ആശുപത്രിയിലെത്തിയ രോഗിക്ക് നടത്തിയ വിദഗ്ധ പരിശോധനയിലാണ് പോളിസിസ്റ്റിക് കിഡ്നി എന്ന രോഗാവസ്ഥ സ്ഥിരീകരിച്ചത്. സാധാരണയായി മനുഷ്യശരീരത്തിലെ ഒരു വൃക്കയ്ക്ക് 120 മുതൽ 150 ഗ്രാം വരെ മാത്രമാണ് ഭാരമുണ്ടാകാറുള്ളത്.

ഉദരത്തിലെ പ്രധാന രക്തധമനികളോട് ചേർന്നുനിന്ന ഭീമാകാരമായ വൃക്കകൾ മറ്റ് അവയവങ്ങൾക്ക് കേടുപാടുകൾ കൂടാതെ വേർപെടുത്തിയെടുക്കുക എന്നത് വലിയ വെല്ലുവിളിയായിരുന്നു എന്ന് ചികിത്സക്ക് നേതൃത്വം നൽകിയ ഡോ. സൂർദാസ് രാധാകൃഷ്ണൻ പറഞ്ഞു.

ഡോ. സൂർദാസ് രാധാകൃഷ്ണൻ, ഡോ. രവികുമാർ കരുണാകരൻ, ഡോ. അഭയ് ആനന്ദ്, ഡോ. അൽഫോൺസ് ഫിലിപ്പ്, ഡോ. ദീപ്ന, അനസ്തെറ്റിസ്റ്റ് ഡോ. മിഥുൻ എന്നിവരടങ്ങിയ സംഘമാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.



ബൈലാറ്ററൽ ഓപ്പൺ നെഫ്രക്റ്റമി ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ ആസ്റ്റർ മിംസിലെ മെഡിക്കൽ സംഘം



Chola CHOLAMANDALAM INVESTMENT AND FINANCE COMPANY LIMITED

Corporate Office: "CHOLA CREST" C 54 & 55, Super B-4, Thiru. Vi. Ka Industrial Estate, Guindy, Chennai-600032
Branch Office: 1st Floor, Aarpees Arcade, Survey No.114/2, Ward 6 of Kozhikode, YMCA cross road, Calicut – 673001.
Contact: Mr. Thiyagarajan- Mob. No. 9940516215, Mr. Thiyagu - Mob No.9894265133

സ്ഥാവര വസ്തുക്കളുടെ ഈ-ലേല വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 9(1) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഈ-ലേല വിൽപന നോട്ടീസ്.

ബാങ്കിൽ (സെക്യേർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയ താഴെകൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ (ഇതിനെ ഇനിമുതൽ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന് വിളിക്കും) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, പ്രതികാത്മകമായി/ഭൗതികമായി കൈവശം എടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/സഹവായ്പക്കാരെ/പണയക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. **"ഇപ്പോൾ എവിടെയാണോ""എങ്ങനെയാണോ""ഏതൊക്കെയാണോ"** എന്നീ അടിസ്ഥാനത്തിലാണ് സെക്യൂർഡ് ആസ്തികൾ ഇലേലത്തിലൂടെ വിൽക്കുന്നത്. https://bankauctions.in/ എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇലേലം നടത്താൻ പോകുകയാണെന്ന് പൊതുജനങ്ങളെ ഇതിനാൽ അറിയിക്കുന്നു.

1 **ലോൺ അക്കൗണ്ട് നമ്പർ : HE01ALA00000017443, വായ്പക്കാരൻ/സഹവായ്പക്കാരൻ: 1) വേലായുധൻ പൊന്നൻ** , 577, മഹിമം നിവാസ് വിരിഞ്ഞിപ്പാടം, പുതുനഗരം പി.ഒ., പാലക്കാട്, കേരളം 678503, **2)വേലായുധൻ പൊന്നൻ** , 29/97, മുൻസിപ്പൽ ബസ് സ്റ്റാൻഡിന് എതിർവശം, തത്തമംഗലം, പാലക്കാട്, കേരളം 678503.,3) **ആഞ്ജലീന ഗാർമെന്റ്സ്** (പ്രൊപ്രൈറ്റർ: വേലായുധൻ പൊന്നൻ) 29/97, മുൻസിപ്പൽ ബസ് സ്റ്റാൻഡിന് എതിർവശം, തത്തമംഗലം, പാലക്കാട്, കേരളം 678503, 4) **വേലായുധൻ സന്തോഷ് കുമാർ** 577, മഹിമം നിവാസ് വിരിഞ്ഞിപ്പാടം, പുതുനഗരം പി.ഒ., പാലക്കാട്, കേരളം 678503., **5) ബിലിക വേലായുധൻ** 577, മഹിമം നിവാസ് വിരിഞ്ഞിപ്പാടം, പുതുനഗരം പി.ഒ., പാലക്കാട്, കേരളം 678503 സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് തിയതിയും തുകയും : **09. 06. 2025 & 21,69,093/- രൂപ 09. 06. 2025** വരെ)

വസ്തുവിന്റെ വിവരണം : ജില്ല: പാലക്കാട്, സബ് ഡിസ്ട്രിക്ട്: കൊടുവായൂർ, താലൂക്ക്: ചിറ്റൂർ, വില്ലേജ്: പുതുനഗരം, ദേശം: പുതുനഗരം, പഞ്ചായത്ത്: പുതുനഗരം, നീ- സർവ്വേ ബ്ലോക്ക് നമ്പർ: 3, നീ സർവ്വെ നമ്പർ : 482, 482, നീ സർവ്വെ സബ് ഡിവിഷൻ നമ്പർ : 7, 7 - 1, പഴയ സർവ്വെ നമ്പർ : 22, 22, പഴയ സർവ്വെ സബ് ഡിവിഷൻ നമ്പർ : 15, 15, വിസ്തീർണ്ണം : 2.02 ആർസ്, 1.63 ആർസ്, അവകാശ സ്വഭാവം, ഭൂമിയുടെ തരം : ജന്മം, പുരയിടം., **വസ്തുവിന്റെ വിവരണം :** കൊടുവായൂർ സബ് രജിസ്ട്രാർ ഓഫീസിൽ 135/1997 - ാം നമ്പർ ആധാരപ്രകാരം നീ- സർവ്വേ നമ്പർ: 482/7, പഴയ സർവ്വേ നമ്പർ: 22/15, പ്രകാരവും 2.02 ആർസ് സ്ഥലവും, അതിലെ 8/180 നമ്പർ വീടും , മറ്റു ചമയങ്ങളും, **കിഴക്ക്:** മുത്തുസ്വാമിയുടെ വക വസ്തു, **വടക്ക്:** ശശികലയുടെ വക വസ്തു, **പടിഞ്ഞാറ്:** PWD റോഡ് , **തെക്ക്:** നിശാന്തിന്റെ വക വസ്തു **വസ്തുവിന്റെ വിവരണം :** കൊടുവായൂർ സബ് രജിസ്ട്രാർ ഓഫീസിൽ 136/1997 - ാം നമ്പർ ആധാര പ്രകാരം നീ- സർവ്വേ നമ്പർ: 482/7 പഴയ സർവ്വേ നമ്പർ: 22/15 ൽ സ്ഥിതിചെയ്യുന്നതുമായ, 1.63 ആർസ് സ്ഥലവും അതിലെ 8/180 നമ്പർ വീടും മറ്റ് ചമയങ്ങളും **അതിരുകൾ: കിഴക്ക്:** മുത്തുസ്വാമിയുടെ വക വസ്തു, **വടക്ക്:** ശശികലയുടെ വക വസ്തു, **പടിഞ്ഞാറ്:** PWD റോഡ്, **തെക്ക്:** പ്രശാന്തിന്റെ വക വസ്തു. **(പ്രതീകാത്മകമായ കൈവശം)**

കരുതൽ വില : Rs.30,00,000/- നിരതദ്രവ്യം : Rs.3,00,000/- ലേല വർദ്ധന തുക : Rs.50,000/-

2 **ലോൺ അക്കൗണ്ട് നമ്പർ : HE01ISS00000039902, വായ്പക്കാരൻ/സഹവായ്പക്കാരൻ: 1)ഷീജ കണ്ണങ്കാട്ടിൽ രാഘവൻ, 2) മുരളി കണ്ണങ്കാട്ടിൽ ഗൗതമൻ,**ഇരുവരും താമസിക്കുന്നത് കണ്ണങ്കാട്ടിൽ വീട്, അഷ്ടമിച്ചിറ,ജുമാ മസ്ജിദ്, മാരേക്കാട്,വടക്കുംഭാഗം, തൃശൂർ, കേരളം - 680731, **3) ന്യൂ ലക്ഷ്മി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ**,XX/357G, ഉറുണ്ടോളിൽ ബിൽഡിംഗ്, മാള, ആളൂർ, അഷ്ടമിച്ചിറ,വടക്കുംഭാഗം, തൃശൂർ, കേരളം - 680731

സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് തിയതിയും തുകയും : 11. 11. 2024 & 26,89,992/ രൂപ (11. 11. 2024 വരെ)

വസ്തുവിന്റെ വിവരണം : ശ്രീ. മുരളി കെ ജി (കോഅപ്ലിക്കന്റ് യുടെ സ്വന്തമായി ഉള്ള പ്രോപ്പർട്ടി: മാള സബ്ബ് രജിസ്ട്രാർ ഓഫീസിൽ സെറ്റിൽമെന്റ് ഡീഡ് നമ്പർ 1677/2002 & റിലീസ് ഡീഡ് നമ്പർ 1128/2006 ൽ കൂടുതലായി വിവരിച്ചിരിക്കുന്ന പ്രകാരം തൃശ്ശൂർ ജില്ലയിൽ, ചാലക്കുടി താലൂക്കിൽ വടക്കുംഭാഗം വില്ലേജിൽ മാള പഞ്ചായത്തിൽ സർവ്വേ നം.459/PT8 ൽ പെട്ട 8.09 ആർസ് സ്ഥലവും, XX/105-F നമ്പറോട് കൂടിയ കെട്ടിടവും മറ്റു ചമയങ്ങളും. **അതിരുകൾ :കിഴക്ക്** പഞ്ചായത്ത് റോഡ് , **വടക്ക്** കൂടപ്പിള്ളി അബ്ദുൽ റഹീമാൻ കൈവശത്തിലുള്ള ഭൂമി **പടിഞ്ഞാറ്** പാഴംപിള്ളിച്ചിറ ശംസുദ്ദീൻ കൈവശത്തിലുള്ള ഭൂമി, തെക്ക് ചക്കേലപറമ്പിൽ നജീബുദ്ധീൻ കൈവശത്തിലുള്ള ഭൂമി **(പ്രതീകാത്മകമായ & ഭൗതിക കൈവശം)**

കരുതൽ വില : Rs. 33,00,000/- നിരതദ്രവ്യം : Rs. 3,30,000/- ലേല വർദ്ധന തുക : Rs.50,000/-

3 **ലോൺ അക്കൗണ്ട് നമ്പർ : HE01ISS00000044263, വായ്പക്കാരൻ/സഹവായ്പക്കാരൻ: 1) രാധിക രാജൻ (അപേക്ഷക)**, കൊട്ടേക്കാട് ഹൗസ്, കൊട്ടേക്കാട് കുറ്റൂർ, കുറ്റൂർ, തൃശൂർ കേരളം 680013. **2) രാധിക രാജൻ (അപേക്ഷക)**, ഡോർ നമ്പർ: 53/23, സ്റ്റാർ ഗാർമെന്റ്സ്, ഗുരുവായൂർ റോഡ്, പൂങ്കുന്നം, 732/1- 1, തൃശൂർ, കേരളം 680002. **3) സ്റ്റാർ ഗാർമെന്റ്സ് (സഹ- അപേക്ഷകൻ),** ഡോർ നമ്പർ XIV/666/1, ഗുരുവായൂർ റോഡ്, പൂങ്കുന്നം, തൃശൂർ, കേരളം 680002. **4) സുരേന്ദ്രൻകൊല്ലൻ വേലായുധൻ (സഹ- അപേക്ഷകൻ)** കൊട്ടേക്കാട് ഹൗസ